Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
TO SERVE IN TRUTH AND LOVE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

18th December 2010

All Kerala Press Release
***Ref:*** *160/POC/DIR*

# ദൈവവചനത്തിന് സാക്ഷ്യമാകുക:
# ബിഷപ്പ് സെബാസ്റ്റ്യൻ തെക്കേത്തേച്ചേരിൽ

കൊച്ചി: നീതിക്കുവേണ്ടി നിലകൊള്ളുന്ന ദൈവവചനത്തിന് സത്യമാർന്ന സജീവസാക്ഷ്യമാകുവാൻ സഭയിലുള്ള എല്ലാവരും തന്നെ സന്നദ്ധരാകണമെന്ന് വിജയപുരം രൂപതാധ്യക്ഷൻ ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ തെക്കേത്തെച്ചേരിൽ ആഹ്വാനം ചെയ്തു. ബെനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ അപ്പസ്തോലികാഹ്വാനമായ 'കർത്താവിന്റെ വചന'ത്തിന്റെ സഭയുടെ ഔദ്യോഗിക മലയാളപരിഭാഷ പ്രകാശനം ചെയ്തു. ഈ ഗ്രന്ഥത്തെക്കുറിച്ച് പി.ഒ.സി. സംഘടിപ്പിച്ച പഠനശിബിരം ഉദ്ഘാടനം ചെയ്തുകൊണ്ടും പ്രസംഗിക്കുകയായിരുന്നു ബിഷപ്പ്.

ഉദ്ഘാടനസമ്മേളനത്തിൽ ഡോ. സ്റ്റീഫൻ ആലത്തറ അധ്യക്ഷത വഹിച്ചു. വിവർത്തകനായ ഡോ. ജോർജ്ജ് കുരുക്കൂർ, ഡോ. മരിയാൻ അറയ്ക്കൽ, പ്രൊഫ. സി.ഡി. സെബാസ്റ്റ്യൻ, ശ്രീ. ജോസ് വിതയത്തിൽ, ശ്രീ. ആന്റണി പാലിമറ്റം എന്നിവർ പ്രസംഗിച്ചു.

പന്ത്രണ്ടാമത്തെ മെത്രാന്മാരുടെ സാധാരണ സിനഡ് ചർച്ചചെയ്ത 'ദൈവവചനം സഭയുടെ ജീവിതത്തിലും ദൗത്യത്തിലും' എന്ന വിഷയത്തെക്കുറിച്ചുള്ള ചർച്ചകളിൽനിന്ന് ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളാണ് 'കർത്താവിന്റെ വചനം' എന്ന അപ്പസ്തോലികാഹ്വാനത്തിലുള്ളത്.

ഓരോ കാലഘട്ടത്തിലും സഭയുടെ പരിപ്രേക്ഷ്യത്തിൽ നിന്നുവേണം വചനം വ്യാഖ്യാനിക്കാൻ. സഭയിലുള്ളവരെയും സഭയ്ക്ക് പുറത്തുള്ളവരെയും വചനം സ്പർശിക്കുന്നുണ്ട്; സ്വാധീനിക്കുന്നുണ്ട്. മാത്രമല്ല, വചനത്തെക്കുറിച്ച്, സഭയെക്കുറിച്ച് ചിലർ ഉന്നയിക്കുന്ന സംശയങ്ങൾക്കെല്ലാം സമഗ്രമായും സുവ്യക്തമായും വിശദീകരണവും മാർഗനിർദ്ദേശങ്ങളും 'കർത്താവിന്റെ വചന'മെന്ന ഈ അപ്പസ്തോലികാഹ്വാനത്തിലുണ്ട് - ബിഷപ്പ് ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു.

ഡോ. ജോഷി മയ്യാറ്റിൽ, ഡോ. ജോസഫ് പാംപ്ലാനി, ഡോ. ലോറൻസ് കുലാസ്, ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി എന്നിവർ ക്ലാസ്സുകളെടുത്തു. മാവേലിക്കര രൂപതാധ്യക്ഷൻ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് സമാപനസന്ദേശം നല്കി.

സെമിനാറിൽ കേരളത്തിലെ 30 രൂപതകളിൽ നിന്നായി 600-ലേറെ പേർ പങ്കെടുത്തു.

**റവ. ഡോ. സ്റ്റീഫൻ ആലത്തറ**
ഡെപ്യൂട്ടി സെക്രട്ടറി, കെ.സി.ബി.സി./ഡയറക്ടർ, പി.ഒ.സി.

**ഫോട്ടോ മാറ്റർ:** ബെനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ അപ്പസ്തോലികാഹ്വാനമായ 'കർത്താവിന്റെ വചന'ത്തിന്റെ മലയാളപരിഭാഷയെക്കുറിച്ച് പി.ഒ.സി. സംഘടിപ്പിച്ച പഠനശിബിരം വിജയപുരം രൂപതാധ്യക്ഷൻ ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ തെക്കേത്തെച്ചേരിൽ ഉദ്ഘാടനം ചെയ്യുന്നു. ഡോ. മരിയാൻ അറയ്ക്കൽ, പ്രൊഫ. സി.ഡി. സെബാസ്റ്റ്യൻ, ഡോ. സ്റ്റീഫൻ ആലത്തറ, ശ്രീ. ആന്റണി പാലിമറ്റം എന്നിവർ സമീപം.